**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5574** 13-08-2021 - ൽ മറുപടിയ്ക്ക്

**വാമനപുരം മണ്ഡലത്തിലെ മുറിച്ച് മാറ്റേണ്ട മരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | **Shri. A. K. Saseendran**<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വാമനപുരം നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട ഫോറസ്റ്റ് ഡിവിഷനുകളുടെ പരിധിയിൽ റോഡിന്റെ വശങ്ങളിൽ അപകടകരമായ രീതിയിൽ നിൽക്കുന്ന മുറിച്ച് മാറ്റേണ്ടതായ മരങ്ങൾ ഏതെങ്കിലും ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇപ്പോഴുള്ള വ്യവസ്ഥ പ്രകാരം അപകടകരമായി നിൽക്കുന്ന വൃക്ഷശാഖകളോ, മരം മുഴുവനായോ മുറിക്കുന്നതിന് ഉത്തരവ് നൽകുന്നത് ജില്ലാകളക്ടറോ, അദ്ദേഹം ചുമതലപ്പെടുത്തുന്ന റവന്യൂ ഉദ്യോഗസ്ഥനോ ആണ്. ഈ വിഷയത്തിൽ വനം വകുപ്പിന് അപേക്ഷ നൽകേണ്ടതില്ല. മുറിച്ച് മാറ്റിയ മരങ്ങൾ വിൽക്കുന്നതിന് ആവശ്യമായ വിലനിർണ്ണയം നടത്തുന്നത് അതാത് ജില്ലയിലെ സോഷ്യൽ ഫോറസ്ട്രി വിഭാഗം ആണ്. ഇതിന്റെ വെളിച്ചത്തിൽ ഇത്തരം അപേക്ഷകൾ വനം വകുപ്പ് മുമ്പാകെ നിലവിൽ പെൻഡിങ്ങ് ഇല്ല. എന്നാൽ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള മരം മുറിയ്ക്കാൻ അനുവദിക്കുന്നത് ജില്ലാതലത്തിലുള്ള ട്രീ കമ്മിറ്റി ആണ്. വാമനപുരം നിയോജക മണ്ഡലത്തിൽ ഇത്തരത്തിലുള്ള അപേക്ഷകൾ ഒന്നും തന്നെ ട്രീ കമ്മിറ്റിയിൽ നടപടിയെടുക്കുന്നതിനായി നിലവിലില്ല. |
| (ബി) | ഇത്തരം മരങ്ങൾ മുറിച്ച് മാറ്റുന്നതിനായി വ്യക്തികളോ സംഘടനകളോ നൽകിയ അപേക്ഷകളിൽ ഏതെങ്കിലും നടപടി സ്വീകരിക്കാതെ അവശേഷിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവയുടെ വിശദവിവരങ്ങൾ നൽകാമോ? | (ബി) | അപേക്ഷകളൊന്നും പെൻഡിങ്ങ് ഇല്ല. |

സെക്ഷൻ ഓഫീസർ